# കല്ലറ



**ഈ കല്ലറ നിറയെ കണ്ണുനീരാണ്**
ആർത്തലച്ചത്
നിറഞ്ഞ് തുളുമ്പിയത്
മൗനമായി തേങ്ങിയത്
കടിച്ചമർത്തിയിട്ടും ഇറ്റുവീണത്!
ഈ കല്ലറ നിറയെ പൂക്കളാണ്
വിടരാതെ പോയത്!
പാതി വിടർന്നത്
വിടർന്നുല്ലസിച്ചത്
പെട്ടെന്ന് പൊഴിഞ്ഞത്!
ഈ കല്ലറ നിറയെ കനവുകളാണ്
സഫലമായത്!
ഫലിക്കാതെ പോയത്
ഫലിക്കും മുമ്പേ പൊലിഞ്ഞു പോയത് ഈ കല്ലറ
നിറയെ......

**ഇബ്റാഹിം പൊന്നാനി**

## ഞങ്ങൾ സംതൃപ്തരാണ്

**ഈ വിശപ്പ്**
ഞങ്ങളുടെ അവകാശമാണ്
ഈ മടുപ്പ്
ഞങ്ങളുടെ വസ്ത്രമാണ്
ഈ അടിമഹൃദയം
ഞങ്ങളുടെ പാരമ്പര്യമാണ്
തൽക്കാലം നിങ്ങൾ ഇടപെടേണ്ട
ഇതിനൊക്കെയല്ലേ
ജീവിതമെന്ന് പറയുന്നത്!

**സത്യചന്ദ്രൻ പൊയിൽക്കാവ്**

# സ്നേഹതരുക്കൾക്കായ്

**അബ്ദുൽമജീദ് വേളം**



**മഴയായ് വർഷിക്കും മർത്യന്റെ കണ്ണീ-**
രൊരുനാളിലുരുകാത്ത
മഞ്ഞുകട്ടയായ് തീർന്നിടും
വിത്തം വിതയ്ക്കും വിനാശങ്ങൾ കണ്ടുകണ്ടീ
ചിത്തങ്ങൾ കരിമ്പാറകളായ് തീർന്നിടും
ആരുണ്ടൊരിറ്റു കണ്ണീർതൂകാനീമരുഭൂവിൽ
വിരിയും ദുഃഖപുഷ്പങ്ങൾക്കൊരിറ്റു
കുളിരേകിടാനായ്
ആരുണ്ടിവിടെയൊരിറ്റുനീർതളിക്കാ-
നാളിപ്പടരുമീ
ക്രോധാഗ്നിജ്വാലയ്ക്കുമീതെ
വിദ്വേഷത്തിൻ തീനാമ്പു നക്കിത്തുടക്കുമീ
സൗഹൃദത്തെളിനീർക്കണങ്ങളെ
ഹൃദയത്തിൻ കുംഭത്തിൽ നിറയ്ക്കുക
സ്നേഹ വിത്തിനുമീതെ തെളിക്കുക
നാളെ കിളിർത്തു വളർന്നു പടർന്നതൊരു
മഹാവടവൃക്ഷമായ്ത്തീർന്നിടാൻ.